ആക്കി വർദ്ധിപ്പിച്ച് ആ പ്രദേശത്തിൽനിന്ന് ഗവൺമെന്റിനെ രക്ഷപ്പെടുത്താൻ അങ്ങ് മുൻകൈ എടുക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, പതിനാറ് ജില്ലകളിലായി ജന്മി പെൻഷൻ കൈപ്പറ്റുന്ന 200-ൽ ഏറെപ്പേരുണ്ട്. അഗ്രിക്കൾച്ചർ റീഹാബിലിറ്റേഷൻ പെൻഷനിലുള്ള സവിശേഷ നിക്ഷേപത്തിന്റെ പലിശയിൽനിന്നാണ് ഇവർക്ക് പെൻഷൻ നൽകുന്നത്. നേരത്തെ 300 രൂപയായിരുന്നത് 600 രൂപയായി വർദ്ധിപ്പിച്ചതാണ്. ഭൂ പരിഷ്കരണ നിയമം നടപ്പിലാക്കിയതുമൂലം ഭൂമി നഷ്ടപ്പെടുകയും വരുമാനം ഇല്ലാതാകുകയും ചെയ്തതിനാൽ കഷ്ടത അനുഭവിക്കുകയാണ്. ഇവരെല്ലാം വാർദ്ധക്യത്തിലെത്തിയവരുമാണ്. അതുകൊണ്ട് നിലവിലുള്ള സാമൂഹിക-സാമ്പത്തിക സ്ഥിതി പരിഗണിക്കുമ്പോൾ ഇപ്പോൾ നൽകിവരുന്ന 600 രൂപ വളരെ തുച്ഛമാണ്. ആയതിനാൽ ജന്മി പെൻഷൻ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള ഗവൺമെന്റിന്റെ ഒരു പ്രൊപ്പോസൽ ഫിനാൻസ് വകുപ്പ് പരിശോധിച്ചുവരികയാണ്. ആയിരം രൂപയായി വർദ്ധിപ്പിക്കണമെന്ന ശ്രീ. എം. ചന്ദ്രൻ എം.എൽ.എ. ഉന്നയിച്ച ആവശ്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

(9) മൊബൈൽ മെഡിക്കൽ യൂണിറ്റ്

ശ്രീ. ബി. ഡി. ദേവസ്സി: സർ, അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസി മേഖലയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റാരംഭിക്കാൻ നടപടി
10.00 PM] സ്വീകരിക്കുയ്ന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പതിനാറ് ആദിവാസി കോളനികളിലായി രണ്ടായിരത്തിലധികം ആദിവാസികൾ താമസിക്കുന്നുണ്ട്. ഇവർ പ്രധാനമായും ചികിൽസയ്ക്കായി ആശ്രയിക്കുന്ന കേന്ദ്രം പാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയാണ്. വനത്തിന്റെ ഉൾഭാഗത്തായി സ്ഥിതി ചെയ്യുന്ന പല ആദിവാസി കോളനികളുടെ ദൂരം റോഡിൽനിന്നും 90 കിലോമീറ്റർ അകലത്തിലാണ്. അതിനാൽ അടിയന്തര ഘട്ടങ്ങളിൽ ചികിൽസ ഉറപ്പു വരുത്തുവാൻ കഴിയാത്ത അവസ്ഥയുണ്ട്. മാത്രമല്ല പകർച്ച വ്യാധികൾ പടർന്നുപിടിക്കുന്ന സന്ദർഭങ്ങളിൽ ആവശ്യമായ ബോധവൽക്കരണവും അടിയന്തര ചികിൽസയും ലഭ്യമാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ആയതിനാൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസി മേഖലകളിൽ ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റാരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, അതിരപ്പിള്ളി ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വിവിധ ആദിവാസി കോളനികളിൽ, പ്രത്യേകിച്ച് ഗതാഗത സൗകര്യം വളരെക്കുറവുള്ള ഊരുകളിലെ ചികിൽസ ഉറപ്പുവരുത്തുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

മൊബൈൽ മെഡിക്കൽ യൂണിറ്റ് വളരെ അത്യാവശ്യമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ബി. ഡി. ദേവസ്സി ഉന്നയിച്ച ആവശ്യം ആരോഗ്യവകുപ്പ് വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. ഇപ്പോൾ തന്നെ ഇടുക്കിയിലും കണ്ണൂരിലും മറ്റും മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആദിവാസി കോളനികളിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ പട്ടികവർഗ്ഗ കോളനികളിലേക്ക് ആവശ്യമായിട്ടുള്ള മൊബൈൽ മെഡിക്കൽ വാൻ അല്ലെങ്കിൽ ചെറിയ ആമ്പുലൻസ് നൽകാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ പ്രാക്തനാ ഗോത്ര വിഭാഗങ്ങൾക്കുള്ള പാക്കേജുകളിൽ ഉൾപ്പെടുത്തി ഈ പദ്ധതി നടപ്പിലാക്കാമെന്ന് അദ്ദേഹം സമ്മതിച്ചിട്ടുമുണ്ട്. നിലവിൽ അതിരപ്പിള്ളി ആദിവാസി മേഖലകളിൽ വെറ്റിലപ്പാറ പി.എച്ച്.സി. യുടെ ആഭിമുഖ്യത്തിലുള്ള മെഡിക്കൽ ക്യാമ്പുകളും തൃശ്ശൂർ ഡി.എം.ഒ.-യുടെ നേതൃത്വത്തിലുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. ആദിവാസി മേഖലകളിൽ കൂടുതൽ ചികിൽസാ ഉറപ്പുവരുത്തുന്നതിന് തീർച്ചയായിട്ടും അതിരപ്പിള്ളിയിൽ ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് തുടങ്ങുന്നതാണ്.

V റിപ്പോർട്ട് സമർപ്പണം

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ 2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

VI ധനകാര്യം

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, നഗരവികസനം XXII പഞ്ചായത്ത് XXXV സാമൂഹ്യ വികസനം - XXXVI എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിഷ്ടിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2010-11-ലെ സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly